**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7272

16.7.2012ൽ
മറുപടിയ്ക്ക്

## സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. വർക്കല കഹാർ ;<br>ശ്രീ. സി.പി. മുഹമ്മദ് ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോയുടെ കീഴിലുള്ള ഹൈപ്പർ മാർക്കറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; | എ) വൻകിട കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കാനാണ് ഹൈപ്പർ മാർക്കറ്റ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ വരുന്ന വിൽപ്പന ശാലകളിൽ ആധുനിക സൗകര്യ ങ്ങളായ ശീതീകരണ സംവിധാനം, ട്രോളികൾ, ആധുനിക റാക്കുകൾ എന്നിവയും അവശ്യസാധനങ്ങൾക്ക് പുറമെ പച്ചക്കറി, മറ്റ് ഉപഭോക്തൃ താൽപ്പര്യ ഉൽപ്പന്നങ്ങൾ എന്നിവയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഇത്തരം വിൽപ്പന ശാലകൾ നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ അവശ്യ സാധനങ്ങളും മറ്റ് ഉൽപ്പന്നങ്ങളും കുറഞ്ഞ നിരക്കിൽ, ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച വിൽപ്പന ശാലകൾ വഴി ഒരു കുടക്കീഴിൽ വിതരണം ചെയ്യുന്നവയാണ് ഹൈപ്പർ മാർക്കറ്റുകൾ. |
| ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇവ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇതിൽ എറണാകുളം ഹൈപ്പർ മാർക്കറ്റ് 2009 ലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലേത് 2011 ലുമാണ് ആരംഭിച്ചിട്ടുള്ളത്. |
| സി) ഹൈപ്പർ മാർക്കറ്റുകൾ നിലവിലില്ലാത്ത നഗരങ്ങളിൽ പ്രസ്തുത മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | സി) സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. തലശ്ശേരി, കൊല്ലം, തിരുവല്ല, കരുനാഗപ്പള്ളി എന്നിവിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റ് പദ്ധതിയിൽ പുതിയ വിൽപ്പനശാലകൾ പരിഗണനയിലുള്ളത്. ഇതിൽ തലശ്ശേരി ഹൈപ്പർ മാർക്കറ്റ് ഉടനെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**